<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിദേശ, സ്വദേശ ടൂറിസ്റ്റുകളെ ആകർഷിക്കും വിധം സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ സൗന്ദര്യവും സൗകര്യവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; കോവളം ഡെസ്റ്റിനേഷന്റെ പ്രൗഢി വർദ്ധിപ്പിക്കാനുതകുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | **സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ, സ്വദേശ ടൂറിസ്റ്റുകളെ ആകർഷിക്കും വിധം സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ സൗന്ദര്യവും സൗകര്യവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കോവളം വിനോദ സഞ്ചാര കേന്ദ്രത്തിൽ നിരവധി ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കോവളം ഡെസ്റ്റിനേഷന്റെ പ്രൗഢി വർദ്ധിപ്പിക്കുന്നതിനായി KIIFB Consultancy Service Unit തയ്യാറാക്കിയ "കോവളം ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്" എന്ന പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ സർക്കാരിന്റെ പരിഗണനയിലുണ്ട്.** |
| (ബി) | ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടോ; ഇതിലൂടെ ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | **ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ. ഒ. സി. ഒഴിവാക്കിയത് വഴി വളരെ എളുപ്പത്തിൽ ഹോംസ്റ്റേ സംരംഭകർക്ക് ക്ലാസിഫിക്കേഷൻ ലഭിക്കുവാൻ കഴിയുന്നു. അതുവഴി ഹോംസ്റ്റേകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുകയും വിനോദസഞ്ചാരികൾക്ക് എളുപ്പത്തിൽ താമസ സൗകര്യം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ